**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **12-09-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വഖഫ് ബോർഡ് വഴി ലഭിക്കേണ്ട വിവാഹ സഹായം, ചികിത്സാ സഹായം, ഇമാംമാർക്കുള്ള പെൻഷൻ എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; | (ബി) | 2023-24 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 1.32 കോടി രൂപയിൽ ആദ്യ ഗഡുവായ 26,40,000/ രൂപ അനുവദിച്ചിട്ടുണ്ട്. അവശേഷിച്ച തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കേരള സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ

### സാമൂഹ്യക്ഷേമ പദ്ധതികൾ:

വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന അറബി ഭാഷാ പണ്ഡിതർ, അദ്ധ്യാപകർ, ഖാദിം തുടങ്ങിയവർക്ക് പ്രതിമാസ പെൻഷനും കോടതി ഉത്തരവു പ്രകാരമുള്ള വിവാഹ മോചിതർക്കുള്ള ധനസഹായവും മാരക രോഗങ്ങൾക്കുള്ള ചികിത്സ ധനസഹായവും, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹ ധനസഹായം, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അനാഥശാലകളിലെ അന്തേവാസികളായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഇസ്ലാം മതത്തിന്റെ ചരിത്രവും സംസ്കാരവും ചിന്തകളും പ്രചരിപ്പിക്കുക, അതിൽ ഗവേഷണങ്ങളും പഠനങ്ങളും സംഘടിപ്പിക്കുക, ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കാലിക്കറ്റ് സർവ്വകലാശാലയിൽ സ്ഥാപിച്ച ഇസ്ലാമിക് ചെയറിനുള്ള സാമ്പത്തിക സഹായം എന്നിവയും ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതികളിൽപ്പെടുന്നു. വഖഫ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പ്രസ്തുത സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകുന്ന തുകയിൽ നിന്നും കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. വഖഫ് ബോർഡ് സോഷ്യൽ വെൽഫയർ (കേരള) സ്കീം എന്നാണ് ടി പദ്ധതി അറിയപ്പെടുന്നത്.

### സെൻട്രൽ വഖഫ് കൗൺസിൽ വായ്പാ പദ്ധതി

വഖഫ് സ്വത്ത് വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്ര വഖ്ഫ് കൗൺസിൽ വഴി നൽകുന്ന വായ്പ കേരളത്തിലെ വഖഫ് സ്ഥാപനങ്ങൾക്ക് ഷോപ്പിംഗ് കോംപ്ലക്സ്, ശാദി മഹൽ ഓഡിറ്റോറിയം, ഹോസ്പിറ്റൽ, വിദ്യാഭ്യാസ സമുച്ചയം തുടങ്ങി വരുമാനം ലഭിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നഗര വഖഫ് വികസന പദ്ധതി അഥവാ ഷഹരി വഖ്ഫ് സംമ്പത്തി വികാസ് യോജന എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതിക്ക് കേരള സംസ്ഥാന വഖ്ഫ് ബോർഡിന്റെ ശുപാർശയോടെ സെൻട്രൽ വഖഫ് കൗൺസിലിൽ നിന്നും പദ്ധതി തുകയുടെ 75% വരെ വഖഫുകൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

### പ്രൊഫഷണൽ കോഴ്സുകൾക്കുള്ള ലോൺ സ്കോളർഷിപ്പ്:

സമുദായത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനും സമർത്ഥരായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുമായി പലിശ രഹിത ലോൺ സ്കോളർഷിപ്പുകൾ വഖഫ് ബോർഡ് നൽകി വരുന്നുണ്ട്. 1975 മുതൽ ലോൺ സ്കോളർഷിപ്പ് നൽകുന്നതിനുള്ള തുക ബോർഡിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തി വരുന്നത്. 25-01-2023-ാം തീയതിയിലെ ബോർഡ് യോഗ തീരുമാനപ്രകാരം 3 7 കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർ ത്ഥികൾ ക്ക് 2022-23 വർഷത്തേക്ക് പലിശരഹിത ലോൺ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം ലോൺ എഗ്രിമെന്റ്, കോഴ്സ്

സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ച 3 1 പേർക്ക് ആദ്യഗഡു ലോൺ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

**കൗൺസലിംഗ് സെന്റർ:**

വഖഫ് ബോർഡിന് കൗൺസലിംഗ് സെന്റർ ആരംഭിക്കുന്നതിന് മലപ്പുറം ജില്ലയിൽ വസ്തുവും കെട്ടിടവും ഒരു വ്യക്തി നൽകുന്നതിന് ഓഫർ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലവും കെട്ടിടവും ബോർഡ് മെമ്പർമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ സന്ദർശിക്കുകയും വിഷയം ബോർഡ് പരിഗണിക്കുകയും വസ്തുവിന്റെ ആധാരം നടത്തുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി 07.03.2023 തീയതിയിലെ ബോർഡ് യോഗം തീരുമാനമെടുത്തത് പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്.

**മറ്റിനങ്ങൾ:**

- വഖ്ഫ് വസ്തുക്കളുടെ സംരക്ഷണത്തിനായി IT Application for Waqf Land Management എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിന് 21.12.2022-ാം തീയതിയിലെ ബോർഡ് യോഗം തീരുമാനമെടുത്തത് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

- വഖ്ഫ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനായി ഗൂഗിൾ മാപ്പ് പരിശോധനയിലൂടെ വഖഫ് വസ്തുക്കൾ കണ്ടെത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

- കേരള സംസ്ഥാന വഖഫ് ബോർഡ് ഭിന്നശേഷിക്കാരായ 356 വ്യക്തികൾക്ക് 2017 ജൂലൈ മാസം മുതൽ പ്രതിമാസം 1000/- രൂപ വീതം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകി വരുന്നു.

- 14-05-2023-ാം തീയതി നടന്ന മുൻസിഫ്/മജിസ്ട്രേറ്റ് എഴുത്ത് പരീക്ഷയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സൗജന്യ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് 14-02-2023, 28-02-2023 എന്നീ തീയതികളിലെ ബോർഡ് യോഗം തീരുമാനിക്കുകയും ആയത് പ്രകാരം പരിശീലന ക്ലാസുകളുടെ ഉദ്ഘാടനം നടത്തുന്നതിന് ഹൈക്കോടതി ന്യായാധിപൻ, ബാർകൗൺസിൽ ചെയർമാൻ എന്നിവരെ പങ്കെടുപ്പിച്ച് 08-03-2023-ന് ഉദ്ഘാടനം നടത്തുകയും അപ്രകാരം ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലോ ട്രസ്റ്റിലെ അഡ്വ. സന്തോഷ് കുമാറിനെ ഫാക്കൽറ്റിയായി നിയോഗിച്ച് സൗജന്യ ക്ലാസുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 127 ഉദ്യോഗാർത്ഥികൾ ടി സൗജന്യക്ലാസുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

- അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ടി സർക്കാർ തലത്തിൽ മന്ത്രി തല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചു.
- വഖഫ് രജിസ്ട്രേഷനുകൾ ഊർജ്ജിതമാക്കുവാൻ വേണ്ടി വഖഫ് ബോർഡ് ജില്ലാ അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തി വരുന്നുണ്ട്.